**PRESS RELEASE** **02.09.2023**

# KSIDC float grabs public attention in Onam cultural pageantry

Thiruvananthapuram, Sept. 02: The Kerala State Industrial Development Corporation's (KSIDC) tableau themed on the new policies of Industries Department, was a main attraction at the cultural pageantry of the week-long Onam celebrations, presenting the onlookers with a snapshot of the robust industrial scenario in the state.

The KSIDC float was conceived on the basis of the Industrial Policy 2023, formulated with the vision of responsible investment as its core.

The innovatively-designed tableau vividly showcased the concept of investment by placing golden-coloured dollar models on a glittering map of Kerala. It represented 22 industries which have been given priority in the new industrial policy. Also, the upward arrow to indicate industrial growth and a cogwheel attached to it, with the fingers of the human hand grasping the arrow mark as the cogwheel rotates, evoked much curiosity among onlookers.

The display also included the single window system of the Industries Department. The tableau was innovatively put together in such a way enabling spectators to get the crux of the theme at a single glance. Professionals have been appointed in all local self-government institutions as Entrepreneur Development Executives to assess opportunities for responsible investment and to provide guidance to

entrepreneurs. Also, officers have been appointed at taluk and district levels to supervise it.

In order to give a fillip to industrial growth in the state, the Industries Department plans to promote investment by prioritizing sectors that have gained global recognition as enterprises of the future.

Through responsible investment, the new Industrial Policy aims to attract more investment, thereby bringing in more industries and creating employment opportunities. Besides developing Kerala as an ESG (Environment, Social, and Governance) investment destination in India, the policy also intends to create an industrial environment favourable to Industrial Revolution 4.0.

The Onam celebrations which began on Sunday concluded here this evening with a grand display of tableaux by several departments of the state government, showcasing their progressive initiatives.

## സംസ്ഥാനത്തിൻറെ പുതിയ വ്യവസായനയത്തിൻറെ നേർക്കാഴ്ചയായി കെഎസ്ഐഡിസി ഫ്ളോട്ട്

തിരുവനന്തപുരം: ഓണം വാരാഘോഷങ്ങളുടെ സമാപനത്തോടനുബന്ധിച്ച് നടത്തിയ ഘോഷയാത്രയിൽ സംസ്ഥാന വ്യവസായ വകുപ്പിൻറെ പുതിയ നയം പ്രമേയമാക്കിയ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മൻറ് കോർപറേഷൻറെ(കെഎസ്ഐഡിസി) നിശ്ചലദൃശ്യം ശ്രദ്ധയാകർഷിച്ചു. ഉത്തരവാദിത്തത്തോടെയുള്ള നിക്ഷേപമെന്നതാണ് പുതിയ വ്യവസായനയത്തിൻറെ കാതൽ പൂർണമായും ഉൾക്കൊണ്ടാണ് നിശ്ചലദൃശ്യം തയ്യാറാക്കിയിട്ടുള്ളത്.

തിളങ്ങുന്ന കേരളത്തിൻറെ ഭൂപടവും അതിൽ നിക്ഷേപത്തെ സൂചിപ്പിക്കുന്ന ഡോളറിൻറെ സുവർണമാതൃകകളും നിശ്ചലദൃശ്യത്തിൽ ഒരുക്കി. വ്യവസായനയം മുൻഗണന നൽകുന്ന 22 വ്യവസായങ്ങളെ പ്രതിനിധീകരിച്ചാണിത്. ഇതിനു പുറമെ വ്യവസായക്കുതിപ്പിനെ സൂചിപ്പിക്കുന്ന സൂചകവും അതിൽ തിരിക്കുന്ന പൽച്ചക്രവും ഘടിപ്പിച്ചിട്ടുണ്ട്. ചക്രം തിരിക്കുന്നതിനനുസരിച്ച് കൈ വിരലുകൾ സൂചകത്തിൽ പിടി മുറുക്കുന്നതും കൗതുകമുണർത്തി.

വ്യവസായ വകുപ്പിൻറെ ഏകജാലക സംവിധാനത്തെയും നിശ്ചലദൃശ്യത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒറ്റനോട്ടത്തിൽ തന്നെ പ്രമേയത്തിൻറെ കാതൽ കാഴ്ചക്കാരന് ലഭിക്കുന്ന വിധത്തിലാണ് ഇതിൻറെ നിർമ്മാണം.

ഉത്തരവാദിത്ത നിക്ഷേപ സാധ്യതകൾ വിലയിരുത്താനും സംരംഭകർക്ക് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പ്രൊഫഷണലുകളെ സംരംഭക വികസന എക്സിക്യൂട്ടീവുകളായി നിയമിച്ചിട്ടുണ്ട്. താലൂക്ക് തലത്തിലും ജില്ലാതലത്തിലും ഇതിനായി മേൽനോട്ട ഉദ്യോഗസ്ഥരെയും നിയമിച്ച് കഴിഞ്ഞു. ഭാവിയുടെ വ്യവസായമെന്ന് ആഗോളതലത്തിൽ അംഗീകാരം നേടിയ മേഖലകളെയാണ് മുൻഗണന നൽകി വ്യവസായ വകുപ്പ് നിക്ഷേപം പ്രോത്സാഹിപ്പിക്കാനൊരുങ്ങുന്നത്.

ഉത്തരവാദിത്ത നിക്ഷേപമെന്ന കാഴ്ചപ്പാടിലൂടെ കൂടുതൽ നിക്ഷേപം ആകർഷിക്കുക, അതുവഴി കൂടുതൽ വ്യവസായങ്ങൾ കൊണ്ടുവരുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് പുതിയ വ്യവസായനയം ലക്ഷ്യം വയ്ക്കുന്നത്. ഇന്ത്യയിലെ ഇ.എസ്.ജി (എൻവിറോൺമെൻറ് സോഷ്യൽ ആൻറ് ഗവേണൻസ്) നിക്ഷേപത്തിൻറെ ലക്ഷ്യസ്ഥാനമായി കേരളത്തെ വികസിപ്പിക്കുന്നതിനോടൊപ്പം വ്യവസായ വിപ്ലവം 4.0ന് അനുസൃതമായ വ്യവസായ അന്തരീക്ഷം സൃഷ്ടിക്കാനും നയം വിഭാവനം ചെയ്യുന്നു.